പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4230

25.06.2018 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ. ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൂലിയെച്ചൊല്ലിയുള്ള തർക്കം നിമിത്തം സംസ്ഥാനത്തെ തോട്ടം മേഖല പ്രതിസന്ധിയിലായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിന് എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ; | (എ) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിൽ മിനിമം വേതനം അവസാനമായി 2016 ലാണ് നിശ്ചയിച്ചത് തോട്ടം മേഖലയിൽ നിലവിൽ കൂലിയെച്ചൊല്ലിയുള്ള തർക്കം സംബന്ധിച്ച് ഗുരുതരമായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. മിനിമം വേതന ഉത്തരവിന്റെ കാലാവധി 2018 ജൂൺ അവസാനമാകുമ്പോൾ 3 വർഷം പൂർത്തീകരിക്കും. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായിട്ടുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന്മേൽ ചർച്ച നടന്നുവരികയുമാണ്. |
| (ബി) തോട്ടം തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ ഒരു സഹായവും ലഭിക്കുന്നില്ല എന്നത് പരിഹരിയ്ക്കാൻ നടപടി സ്വീകരിക്കുമോ; | (ബി)തോട്ടം തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ സഹായങ്ങൾ നൽകി വരുന്നുണ്ട്. തോട്ടം മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് സമഗ്രമായി പഠിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. മേൽ ശുപാർശകൾ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തിരം തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും, പഠനോപകരണങ്ങളുടെ വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും |

നൽകുന്നുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. മറ്റ് തോട്ടം തൊഴിലാളികൾക്കായി 2013-ലെ എസ്റ്റേറ്റ് തൊഴിലാളി ദുരിതാശ്വാസ പദ്ധതിയും നിലവിലുണ്ട്. മേൽ പദ്ധതി പ്രകാരം മരണമടയുന്ന തോട്ടം തൊഴിലാളികളുടെ നിയമാനുസൃത ആശ്രിതർക്ക് 25000/- രൂപ മരണാനന്തര ധനസഹായമായും നൽകിവരുന്നു.

സി) പ്രസ്തുത തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുമോ; ഈ രംഗത്ത് ചർച്ചകൾ നടക്കുന്നുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ട്. മിനിമം വേതനം തൊഴിലാളിക്ക് ലഭിക്കുന്നുണ്ടോയെന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തി ഉറപ്പു വരുത്താറുണ്ട്. ടി ഉത്തരവു പ്രകാരം 2015 ജൂലൈ 1 മുതൽ നിലവിൽ വന്ന വേതന പരിഷ്കരണമാണ് ഇപ്പോൾ നിലവിലുള്ളത്. 7.3.2018-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന്മേൽ ചർച്ച നടന്നു വരികയുമാണ്.

ഡി) ഉല്പാദനച്ചെലവും വിലയിടിവും തോട്ടങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതിന് എന്ത് പരിഹാര നിർദ്ദേശമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

(ഡി) പ്രശ്നപരിഹാരങ്ങൾക്ക് സഹായകരമായ വിവിധ നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

---

Sreelekha

**സെക്ഷൻ ഓഫീസർ**